LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ മറ്റ പിന്നോക്ക വിഭാഗങ്ങളുടെ പട്ടിക (ഒ.ബി.സി. ലിസ്റ്റ്) അനുബന്ധമായി ചേർക്കുന്നു.*

(ബി)

1. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരെ മറ്റ പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളും പ്രസ്തുത പട്ടികയിൽ ഏതെങ്കിലും വിഭാഗത്തെ കൂടുതലായി ഉൾപ്പെടുത്തിയെന്നോ ഉൾപ്പെടുത്തിയത് കുറഞ്ഞുപോയെന്ന് ഉള്ള പരാതികൾ സ്വീകരിച്ച് അവ പരിശോധിച്ചും.

2. കാലാകാലങ്ങളിൽ പിന്നോക്ക വിഭാഗ പട്ടിക പുതുക്കുന്നത് സംബന്ധിച്ചും.

3. മറ്റ് പിന്നോക്ക വിഭാഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായങ്ങളെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ഉപദേശം നൽകുകയെന്നതും.

4. സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയെ സംബന്ധിച്ച് കാലാകാലങ്ങളിൽ പഠിച്ച് അതിന്റെയടിസ്ഥാനത്തിൽ അവരുടെ അവസ്ഥയെക്കുറിച്ച് റിപ്പോർട്ട് കേരള നിയമസഭയ്ക്ക് നൽകുകയെന്നതുമാണ് കമ്മിഷന്റെ പ്രവർത്തനങ്ങൾ.

(സി) കേരള സംസ്ഥാന സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് I-ലെ ലിസ്റ്റ് III പ്രകാരമുള്ള ഒ.ബി.സി. ലിസ്റ്റിൽ കാലാകാലങ്ങളിൽ ആവശ്യമായ ഭേദഗതികൾ നിർദേശിക്കുക എന്നതാണ് കമ്മീഷന്റെ പ്രധാന ചുമതല ഇതര സഹായങ്ങൾ അനുവദിക്കുക കമ്മീഷന്റെ ചുമതലയിൽപ്പെടുന്നതല്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

237 (3673) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റിനും ലംപ്സം ഗ്രാന്റിനുമായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2014-15 ഈ ഇനത്തിൽ എത്ര ുകയാണ് വിതരണം ചെയ്യാനുള്ളതെന്ന് ജില്ലതിരിച്ച് വിശദമാക്കുമോ ;

(സി) കുടിശ്ശിക ുക വിതരണം ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനായി 2014-15 സാമ്പത്തിക വർഷം 145 കോടി രൂപയും പ്രീ-മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനായി 31 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) 2014 -15 വർഷത്തിൽ ടി പദ്ധതിക്കായി വിതരണം ചെയ്യാത്ത ുകയുടെ ജില്ലതിരിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	-	8876861
കൊല്ലം	-	7883776
പത്തനംതിട്ട	-	3885359
ആലപ്പുഴ	-	3264457
കോട്ടയം	-	5942628
ഇടുക്കി	-	9107972
എറണാകുളം	-	6618947
തൃശ്ശൂർ	-	9220681
പാലക്കാട്	-	8485025
മലപ്പുറം	-	15265625
കോഴിക്കോട്	-	8740497
വയനാട്	-	530768
കണ്ണൂർ	-	2976658
കാസർഗോഡ്	-	2089670
ആകെ		92888924

LIBRARY ARCHIVES-Kerala Legislative Assembly

(സി) പോസ്റ്റ് - മെട്രിക് തലത്തിൽ, സ്ഥാപനങ്ങളിൽനിന്നും യഥാസമയം ഫണ്ട് സ്റ്റേറ്റ്മെന്റ് അയക്കാത്തതാണ് കടിശ്ശികവരാൻ കാരണം. യഥാസമയം ഫണ്ട് സ്റ്റേറ്റുമെന്റ് അയക്കുന്നതിനുള്ള നിർദ്ദേശം എല്ലാ സ്ഥാപന മേധാവികൾക്കും നൽകിയിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി

238 (3674) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രശസ്ത വിദേശ സർവ്വകലാ ശാലകളിൽ പഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി മുഖേന എന്തെല്ലാം ധനസഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി തലത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സ്വദേശത്തോ, വിദേശത്തോ ലഭിക്കുന്ന തൊഴിൽ സാധ്യതയാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

(സി) വിദേശ രാജ്യങ്ങളിൽ വിവിധ യൂണിവേഴ്സിറ്റികൾ വിവിധ കോഴ്സുകൾക്ക്, വിവിധ നിരക്കുകളിലുള്ള ഫീസാണ് ഈടാക്കുന്നത്. അപേക്ഷകളുടെ മെറിറ്റ് പരിശോധിച്ചാണ് തുക അനുവദിച്ചുവരുന്നത്.

(ഡി) അപേക്ഷയുടെ മെറിറ്റും വകുപ്പ് തലവന്റെ ശിപാർശയും യൂണിവേഴ്സിറ്റിയുടെ നിലവാരവും ജോലി സാധ്യതയും കണക്കിലെടുത്താണ് ധനസഹായം അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly